# പിറവി

സൂര്യോദയം
പശ്ചിമഘട്ടത്തിൽ അരുണോദയം,
നിത്യ സത്യത്തിൻ അവലോകനം;
പത്മതീർത്ഥത്തിൽ മുങ്ങി കുളിച്ചീറ-
നുടുത്തെത്തുന്നൂ പുലരികൾ.

ഉഷപൂജയ്ക്കൊരുങ്ങുന്ന ധരിത്രി,
ഏന്തുന്നു കൈയ്യിലൊരു പൊൻതാലം;
തുളസിക്കതിർചൂടി, ചന്ദനക്കുറി-
തൊട്ട് ചുറ്റമ്പലം ചുറ്റുന്നു.

സപ്തസ്വരങ്ങളിൽ സാധകം ചെയ്തിടും
കുയിലുകൾ തുയിലുണർത്തുന്നൂ;
ആമീലിതരായ് നിൽക്കുന്നഗ്രഹാരങ്ങൾ,
മീട്ടുന്നു സൂര്യഗായത്രികൾ.

കോലം വരച്ചൈശ്വര്യലക്ഷ്മിയെ-
നമിക്കുന്ന അർക്കരശ്മികൾ;
മഞ്ഞിന്റെ മുത്തുകൾ പൊഴിക്കുന്നു മുറ്റത്ത്,
തേന്മാവിനിക്കിളി കൂട്ടുന്നുതെന്നൽ.

ഗന്ധർവ്വരെ പാർത്ത നിശാഗന്ധികൾ,
ആടിതളർന്നു വീഴുമ്പോൾ;
കൺചിമ്മിയുണരും, കനകാംബരത്തെ,
മുത്തമിട്ടുണർത്തുന്നു പൂക്കിളികൾ.

കൊറ്റിനു വകതേടി കൂടുവിട്ടകലും,
കുഞ്ഞാറ്റക്കിളി തന്നാരവങ്ങൾ;
ചാടി ഓടി കൂത്താടും പൈക്കിടാവിനെ-
അമ്മ മാടി വിളിക്കും മാതൃത്വം.

തുടങ്ങുന്നിവിടെ ജീവിതസ്പന്ദനങ്ങൾ,
ഉരുളുന്നൂ ഭുവനചക്രം;
കൊഴിഞ്ഞു വീണു പോയൊരിന്നലകളെ-
മുന്നേറുമിന്നിനെ നമിക്കട്ടെ.